**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **09-06-2021 - ൽ മറുപടിയ്ക്ക്**

**പാലത്തോട്ട് കൂടിയ ഉപ്പുവെള്ളപ്രതിരോധബണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പക്കൽ, മുട്ടിൽകാപ്പ് എന്നിവിടങ്ങളിൽ പാലത്തോട്ട് കൂടിയ ഉപ്പുവെള്ളപ്രതിരോധബണ്ട് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പക്കൽ തോടിനു മുണ്ടാപ്രത്ത് ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള 1330 ലക്ഷത്തിന്റെ ഡി.പി.ആർ തയ്യാറാക്കി ഹരിതകേരളം ക്ലാസ്സ് I സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ഹരിതകേരളം സ്കീമിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റഗുലേറ്റർ കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യമായതിനാൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബഹു. മുൻ സ്ഥലം എം.എൽ.എ.യുടെ നിർദ്ദേശാനുസരണം നിലവിലുള്ള റഗുലേറ്റർ പുതുക്കി പണിയുന്നതിന് പകരം അവിടെ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് രൂപകൽപ്പനക്കായി ഐ.ഡി.ആർ.ബി-യിൽ ഉടനെ സമർപ്പിക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ